**കേരള സർക്കാർ**

നമ്പർ.192/ ഡി.ബി2/ 2018/ തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, തീയതി: 23.06.2018.

## സർക്കുലർ

വിഷയം:-തദ്ദേശ സ്വയംഭരണ വകുപ്പ്-വേനൽക്കാലത്ത് സംസ്ഥാനത്തെ സ്കൂളുകളിൽ ജല ദൗർലഭ്യത - നിയന്ത്രിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നത് - സംബന്ധിച്ച്.

സൂചന:- (1) 09.03.2017 ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 562/ 2017/ തസ്വഭവ

(2) കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 22/ 02/ 2018 ലെ CRMP No: 2024/ 09/ C- 2/ 2017/ KeSCPCR നമ്പർ ഉത്തരവ്

സംസ്ഥാനത്ത് വരൾച്ച ബാധിക്കുന്ന പ്രദേശങ്ങളിലെ സ്കൂളുകളിൽ ആവശ്യത്തിന് ജലലഭ്യത ഉറപ്പ് വരുത്തുന്നത് സംബന്ധിച്ചുള്ള കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ സൂചന. (2) ഉത്തരവിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1 എല്ലാ വർഷവും വരൾച്ച ബാധിക്കുന്ന പ്രദേശങ്ങളിൽ വെള്ളം ലഭ്യമാക്കാൻ വേണ്ട നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

2 സ്കൂളുകളിൽ ആവശ്യത്തിനൊത്ത ജലസംഭരണികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും Rain Water Harvesting നും വേണ്ടുന്ന നടപടികൾ അതാതു ത. സ്വ.ഭ. സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതും അവ നടപ്പിലാക്കാൻ തീരുമാനം കൈക്കൊള്ളുകയും ആയതിനുവേണ്ട സാമ്പത്തിക സഹായം കൈമാറിക്കിട്ടിയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യേണ്ടതാണ്

3. എല്ലാ വർഷവും വേനൽക്കാല പരീക്ഷയുടെ സമയത്തും മാർച്ചിൽ ക്ലാസ്സ് നടത്തുമ്പോഴും കുട്ടികൾക്ക് ആവശ്യമായി വേണ്ടുന്ന കുടിവെള്ളവും ,ശൗചാലയം, പാത്രം കഴുകൽ എന്നിവയ്ക്കും ആവശ്യമായ വെള്ളത്തിന്റെ ലഭ്യത ബന്ധപ്പെട്ട ത.സ്വ.ഭ.വ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

4. വേനലവധിക്കാലത്തു തന്നെ വിദ്യാഭ്യാസസ്ഥാപനങ്ങളിലുള്ള പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും കിണറുകളുടെ കേടുപാട് പരിഹരിക്കുകയും കിണറ്റിലെ ജലം ശുദ്ധീകരിക്കുകയും ചെയ്യുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ നേതൃത്വം വഹിക്കേണ്ടതാണ്.

ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ,തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ പഞ്ചായത്ത് ഉപ ഡയറക്ടർ മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർ /എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർ (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ